# പ്രതികരണങ്ങൾ — 13



പ്രതികരണങ്ങൾ — 13
വായനക്കാർ
(മലയാളം: പ്രതികരണങ്ങൾ)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: My impression of a Greek Beauty, a painting by Usmansadiqbaloch. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രതികരണങ്ങൾ

## മുനീർ അഗ്രഗാമി: കവിതകൾ

**കെ. സച്ചിദാനന്ദൻ:** കവിതയെക്കുറിച്ചും മനുഷ്യനെക്കുറിച്ചും പ്രത്യാശ നൽകുന്ന രചനകളാണ് മുനീർ അഗ്രഗാമിയുടെതു്. ഞങ്ങളൊന്നും എഴുതിയതു് വെറുതെയായില്ല എന്ന തോന്നുന്നതു് ഇങ്ങിനെ ചിലതു കാണുമ്പോഴാണ്.

**മുഹമ്മദ് ബഷീർ കെ കെ:** വ്യത്യസ്തമായ രൂപകങ്ങളും ബിംബ കല്പനകളും കൊണ്ടു് രാഷ്ട്രീയ വിമർശനം നിർവ്വഹിക്കുന്ന കവിതകൾ കെട്ടകാലത്തിന്റെ നോവിൽനിന്നും ഉരുവം കൊണ്ടവ.

പെൺമയെ മനോഹരമായി ആവിഷ്കരിക്കുന്നു. അവൻ അവൾക്കു പിന്നിലാണ് അവളെ അടുക്കളയിൽ തിരയേണ്ട വീട് വിട്ടു് നാടു വൃത്തിയാക്കുന്ന മണ്ണിലും ഹൃദയത്തിലും തൊടുന്ന ചൂലായി അവളെ കാണാം ഒപ്പം നിൽക്കുമ്പോഴും ഒപ്പമെത്താൻ കഴിയില്ലെന്ന് ഓർമ്മപ്പെടുത്തുന്നവ.

ജനിമൃതിയുടെ നൈരന്തര്യത്തെ സരസമായി അവിഷ്കരിക്കുന്നു ബസ് എന്ന കവിത.

കാഴ്ച വ്യത്യസ്തമാകുമ്പോൾ കവിയും കാമുകനും ഭ്രാന്തനും ഉണ്ടാകുന്നതിനെ 'സത്യത്തിൽ പുതുവർഷം' അടയാളപ്പെടുത്തുന്നു.

സിലബസിന് പുറത്തേക്ക് നീളുന്ന നാവരിയാൻ അധ്യാപകൻ നിയുക്തനാവുന്ന കാലത്തു് മുത്തശ്ശിക്കഥപോലും മാറുന്നു. കൊക്കുകൾക്ക് ആമയേയും കൊണ്ടു് ധൈര്യമായി പറക്കാം. കാരണം ഇനി ആമ താഴെ വീഴില്ല വാതുറക്കാൻ പാടില്ലെന്ന് അതെപ്പഴേ പഠിച്ചു...!!!

മുനീറിന്റെ കവിതകൾ തരുന്നതു് നല്ല വായനാനുഭവം.

## സാബു ഹരിഹരൻ: നിറങ്ങളുടെ യുദ്ധം

**സാബു ഹരിഹരൻ:** സായാഹ്നയിൽ കഥ ചേർത്തതിൽ സന്തോഷം. സായാഹ്നയുടെ പിന്നിൽ പ്രവർത്തിക്കുന്നവർക്കും, കഥയ്ക്ക് കലിഗ്രഫി ചെയ്ത ശ്രീ. ഭട്ടതിരി സർനോടും, ചിത്രം തയ്യാറാക്കിയ ശ്രീ. മോഹനൻ സർനോടും നന്ദി പറയുന്നു.

## കെ. ജി. എസ്.: കാന്റോ ജനറലും നെരൂദയുടെ ആരോഹണവും

**കെ. സച്ചിദാനന്ദൻ:** മനോഹരമായ എഴുത്തും അത്ര തന്നെ നല്ല അവതരണവും. എത്ര ദൂരെ, എത്ര ചാരെ.

**ബാലൻ:** മൊകേരി ഗവ. കോളേജിലും ജോലിചെയ്തിരുന്നു. സർവ്വീസിൽനിന്നും പിരിയുന്ന ആഴ്ചയിൽ മാതൃഭൂമി വാരാന്തപ്പതിപ്പിൽ കെ. ജി. എസ്സുമായി നടത്തിയ അഭിമുഖം ഓർമ്മവരുന്നു. ഞാൻ കണ്ട ഏറ്റവും നല്ല മനുഷ്യരുള്ളത് മൊകേരിയിലാണ് എന്നത്. രാഷ്ട്രീയ വെല്ലുവിളികളും അക്രമവും അരങ്ങേറുന്ന നാദാപുരത്തിന്റെ ഭാഗമായ മൊകേരിയിലെ മനുഷ്യരുടെ ഉള്ളറിഞ്ഞ മനുഷ്യൻ എന്ന നിലയിൽ ഞങ്ങൾ നാട്ടുകാർക്കുള്ള സ്നേഹവും ബഹുമാനവും ഈയവസരത്തിൽ അറിയിക്കട്ടെ. കെ. ജി. എസ്സിനെ പരിചയപ്പെടുത്തുമ്പോൾ മൊകേരിക്കാലം രേഖപ്പെടുത്താതെ പോയതിലെ സങ്കടവും അറിയിക്കുന്നു.

**കെ. പി. സജീവൻ:** മനോഹരം തന്നെ. പക്ഷേ, അതിന്റെ ആമുഖത്തിൽ ഒരു പുതിയ വാക്കു കണ്ടു. അതുൾക്കൊള്ളാനാകുന്നില്ല. ചിട്ടപ്പെടുത്തിയതെന്നൊ എഡിറ്റ് ചെയ്തതെന്നൊ ആയിരുന്നെങ്കിൽ നന്നായേനെ. പുതിയ വാക്ക് സായാഹ്നയുടെ സംഭാവനയാണെങ്കിൽ ദയവു ചെയ്ത് ഇത്തരം വാക്കുകൾ കൊണ്ട് മലയാള ഭാഷയെ സമ്പന്നമാക്കരുതെന്ന ഒരഭ്യർത്ഥനയുണ്ട്.

**ഹബീബ് എം എച്ച്:** "വിയർപ്പും പുകയും നിറഞ്ഞ മൂത്രവും ലില്ലിപ്പൂവും മണക്കുന്ന ഭക്ഷണക്കറയും അപമാനവും പറ്റിപ്പിടിച്ച സംശയങ്ങളും ശരിയും തെറ്റും ടാക്സുകളും ചേർന്ന, പഴന്തുണി പോലെ, ശരീരം പോലെ, അവിശുദ്ധമായ കവിത".

ഈ കവിതകൾ തലയണക്ക് കീഴെ വെച്ച് ഉറങ്ങിയിരുന്ന കാലം. ഒരു അക്കാദമിക്കും നല്കാൻ കഴിയാത്ത ജ്ഞാനം പകർന്ന നെരൂദ.

**കരുൺ:** ചെടിക്കുന്ന ഒരു മധുരം വരും നെരൂദയെ വായിച്ചാൽ (വായിച്ചുകൊണ്ടേ ഇരുന്നാൽ എന്നല്ല), ഓർമ്മയും ഭാഷയും നിറഞ്ഞു കവിയുന്ന, ആരണ്ടിനും മീതെ ആണത്. ബൊലാനോയെ പോലുള്ള എഴുത്തുകാർ നെരൂദയെ പിന്നീട് ഓർക്കുന്നത് മറ്റൊരു വിധത്തിലാണ്. കെ ജി എസിന്റെ പ്രഭാഷണം രാവിലെ തന്നെ വായിച്ചു, മുമ്പ് കണ്ടിട്ടില്ല. ഇഷ്ടമായി, ചെടിക്കുന്ന മധുരം ഇതിലും ഉണ്ട്.

(ഞാൻ ഞങ്ങളുടെ വീടിന് കൈപ്പവല്ലരി എന്ന് പേരിടാൻ ആഗ്രഹിച്ചതാണ്, വേണ്ടാ എന്ന് വെച്ചു. വീട്ടിൽ നമ്മൾ ഒറ്റക്കല്ലല്ലോ, ആരും ഇല്ലെങ്കിലും വീടല്ലേ, പാസ്വേർഡ് അല്ലല്ലോ.)

**കെ. എച്ച്. ഹുസൈൻ:** ആത്മകഥയുടെ ('സമൃതി, വിസ്മൃതി, ദുസ്മൃതി') ആദ്യഭാഗത്ത് നെരൂദ പറയുന്നുണ്ട്, ചിലിയൻ കാടുകൾ കണ്ടിട്ടില്ലാത്തവർ കാടുകളേ കണ്ടിട്ടില്ലെന്ന്. അത്രയ്ക്കും വന്യമാണ് കെ ജി എസ്സിന്റെ കാന്റോ ജനറലും. അത് അദ്ദേഹത്തിന്റെ ആത്മഭാഷണവും പ്രത്യാശകളും കൂടിയാണ്. ഈ കെട്ടകാലത്തിനൊരു ഓർമ്മപ്പെടുത്തലുമാണ്. അരനൂറ്റാണ്ട് പ്രായമാകാൻ പോകുന്ന നെരൂദയെപ്പോലെ നമ്മുടെ മണ്ണിന്റെ അഗാധഖനികളിൽ രോഷത്തിന്റെയും നൈതികതയുടെയും കലഹത്തിന്റെയും കവിതകൾ വിതച്ചവരുടെ കലം. സച്ചിദാനന്ദൻ, കെ ജി എസ്, കടമ്മനിട്ട, പി ഉദയഭാനു... എല്ലാം വിത്തുവിധികളാണ്. കുറച്ചുകാലത്തേക്ക് എല്ലാം അറ്റുപോയതുപോലെ. പിന്നെയും മഴ വരും, മുളവരും.

**കെ. ജി. എസ്.:**

> ഒന്നിനുമാകാ പിരിക്കാൻ കവിതയി-
> ലൊന്നായ രണ്ടൊഴുക്ക്.

## പി. എഫ്. മാത്യൂസ്: കാഴ്ചയ്ക്കും വാക്കുകൾക്കും ഇടയിൽ

**ലിസ്സി മാത്യു:** പി എഫ് മാത്യൂസിന്റെ ലേഖനം സിനിമയുടെ ചരിത്രത്തെയും അതിന്റെ ആഖ്യാനസവിശേഷതകളെയും സൂക്ഷ്മമായി സ്പർശിച്ചുപോകുന്ന ഒന്നായിരുന്നു. ഷഹറാസാദിൽ തുടങ്ങി വ്യത്യസ്ത സാഹിത്യപാരമ്പര്യങ്ങളിലൂന്നി അതിന് കഥയെത്തന്നെ തിരസ്കരിച്ചുകൊണ്ടു മുന്നേറാവുന്ന സാധ്യതകളെ ഉയർത്തിക്കാട്ടിയ ലേഖകനെ അഭിനന്ദിക്കുന്നു. ചുരുങ്ങിയ സമയംകൊണ്ട് ലോകസിനിമയിലൂടെ നടത്തിയ ഓട്ടപ്രദക്ഷിണം കൂടിയായി അത്. കൈഫോൺ എന്നപ്രയോഗം ഗംഭീരമായി. സിനിമയുടെ സ്വാതന്ത്ര്യത്തെയും സ്വത്വത്തെയും മാനിക്കുന്നുവെങ്കിലും ശ്രീ മാത്യൂസ് തിരക്കഥയെഴുതിയ സിനിമയിൽ ഞാൻ ശ്രദ്ധിച്ച ഒരു പോരായ്മ കൂടി അനവസരത്തിലാണെങ്കിലും ഇവിടെ സൂചിപ്പിക്കട്ടെ.

ഈ. മ. യൗ. അഥവാ ജീസസ് മേരി ജോസഫ് എന്നത് മരണസമയത്ത് ഉച്ചരിക്കുന്ന അഥവാ അങ്ങനെ ചൊല്ലിക്കൊണ്ട് മരിക്കണമെന്ന് ക്രിസ്ത്യാനി ആഗ്രഹിക്കുന്ന സുകൃത ജപമാണ് . എന്നാൽ സിനിമയുടെ ടൈറ്റിലിൽ അതിനുകൊടുത്ത R. I. P എന്ന ഇംഗ്ളീഷ് വിവർത്തനം അരോചകമായി തോന്നി

ഈ. മ. യൗ.
ഈശോ മറിയം യൗസേപ്പേ

**അബ്ദു സലാം:** ഈ. മ. യൗ. എന്നത് ശവകുടീരത്തിലെഴുതി വയ്ക്കുന്ന മലയാളം വാക്കും RIP എന്നത് അവിടെ എഴുതി വയ്ക്കുന്ന ഇംഗീഷ് വാക്കുമെന്നേ ഉദ്ദേശിച്ചിട്ടുണ്ടാകൂ.

(ആഗസ്റ്റ് 16 മുതൽ 22 വരെ ലഭിച്ച പ്രതികരണങ്ങളാണ് ഈ ലക്കത്തിലുള്ളത്).

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014